
# ദൈവവിളി ദൂതൻ



# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M O Only, Which Should Be Addressed To :

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# THE BIBLE TRUTH

**Editors**


**P. K. VARGHESE** **J. C. CHOATE**

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 8** **February 1995** **No. 11**


സ്വന്തം അറിവിൽ പര്യാപ്തത കണ്ടെത്തിയിരിക്കുന്ന ആളുകൾ ധാരാളമുണ്ട്. അതു ന്യായീകരിച്ച് ശരിയാണെന്നു സ്ഥാപിക്കുവാൻ അവർ വെമ്പൽ കൊള്ളുന്നു. അതിനു രാജ്യമെന്നോ വർഗ്ഗമെന്നോ മതമെന്നോ വ്യത്യാസം കാണുന്നില്ല. മനുഷ്യരിൽ ചിലരിലെങ്കിലും അലിഞ്ഞു ചേർന്നിരിക്കുന്ന ദുരഭിമാനമാകാം ഇതിനു കാരണം. തെററ് മനസിലാക്കാൻ തുറന്ന ഹൃദയം ആവശ്യമാണ്. അടഞ്ഞിരിക്കുന്ന ഹൃദയത്തിൽ ഒന്നും കയറുകയില്ല. നമുക്കു ചുററും കാണപ്പെടുന്ന അപകടം നിറഞ്ഞ ഈ മനോഭാവത്തെ മാററിയെടുക്കണം. നമ്മുടെ നിരൂപണങ്ങളുടെ കേന്ദ്രബിന്ദുവാണല്ലൊ ഹൃദയം, ആ ശരീരഭാഗത്തെ. വിശുദ്ധീകരണത്തിനായി നാം വിട്ടുകൊടുക്കണം. എഴുതിമുഷിഞ്ഞ പേപ്പറിൽ നാം വീണ്ടും എഴുതുവാൻ തയ്യാറാവുകയില്ലല്ലൊ. ഒന്നുകിൽ എഴുതിയതു മുഴുവൻ മായ്ക്കണം അല്ലെങ്കിൽ പുതിയതാക്കി മാററണം. അതിനു ശേഷം എഴുതിയാൽ വ്യക്തമാകും. ദുരുപദേശങ്ങൾ പ്രചരിപ്പിച്ച് ആളുകളുടെ ഉള്ളു നിറച്ചിരിക്കുകയാണ്. അതെല്ലാം മാററാതെ സത്യം അവരുടെ ഹൃദയത്തിൽ തെളിഞ്ഞ് വരുകയില്ല. ലൗകിക ജീവിതത്തിൽ ആഹ്ലാദം കണ്ടെത്തിയ മനസിനെ അതിന്റെ സഞ്ചാരഗതി മാററി വിടുവാൻ ശക്തമായ വചനത്തിൽ പൂർണ്ണമായ ആശ്രയം വേണം.



# വായിക്കുന്നതു ഗ്രഹിക്കുന്നുവോ?

**J. C. ചോട്ട്**

അപ്പൊസ്തലപ്രവൃത്തി 8-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഷണ്ഡന്റെ പരിവർത്തനസംഭവം നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? ഐത്യോപ്യയിലെ കന്ദക്ക എന്ന രാജ്ഞിയുടെ സകല ഭണ്ഡാരത്തിനും മേൽവിചാരകനായിരുന്നു അദ്ദേഹം. കർത്താവിന്റെ ദൂതൻ ഫിലിപ്പൊസിനോടു: നീ എഴുന്നേററു യെരൂശലേമിനും ഗസെക്കും ഇടക്കുള്ള നിർജ്ജനമായ വഴിയിലേക്കു പോക എന്നു പറഞ്ഞു. അവൻ പുറപ്പെട്ടുചെന്നപ്പോൾ ഈ ഐത്യോപ്യനായ മനുഷ്യനെ കണ്ടു. മതഭക്തനായ ഒരു മനുഷ്യനായിരുന്നു അയാൾ എന്നു നമ്മോടു വിവരിച്ചിട്ടുണ്ട്. അയാൾ യെരൂശലേമിൽ വന്നു ദൈവത്തെ നമസ്കരിച്ചശേഷം അവന്റെ തേരിൽ സഞ്ചരിച്ച് തിരിച്ച് വീട്ടിലേക്കു പോകുകയായിരുന്നു. ഈ യാത്രയിൽ അവൻ യെശയ്യാവിന്റെ പുസ്തകം വായിച്ചുകൊണ്ടിരുന്നു. ''ആത്മാവ് ഫിലിപ്പൊസിനോടു നീ അടുത്തു ചെന്നു തേരിനോടു ചേർന്നു നടക്ക എന്നു പറഞ്ഞു. ഫിലിപ്പൊസ് ഓടി ച്ചെല്ലുമ്പോൾ യെശയ്യാപ്രവാചകന്റെ പുസ്തകം വായിക്കുന്നതു കേട്ടു. നീ വായിക്കുന്നതു ഗ്രഹിക്കുന്നുവോ എന്നു ചോദിച്ചതിനു ഒരുത്തൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും എന്നു അവൻ പറഞ്ഞു. ഫിലിപ്പൊസ് കയറി തന്നോടുകൂടെ ഇരിക്കേണം എന്നു അപേക്ഷിച്ചു (പ്രവൃത്തി 8:29-31).

പിന്നീടുള്ള വിവരണത്തിൽ ഫിലിപ്പൊസ് അവനോടുകൂടെ തേരിൽ ഇരുന്നു സഞ്ചരിക്കുന്നതായി കാണുന്നു. അങ്ങനെ പോകുമ്പോൾ ഷണ്ഡൻ വായിച്ച വേദ

ഭാഗത്തെ അധികരിച്ച് ഫിലിപ്പൊസ് ക്രിസ്തുവിനെ പ്രസംഗിച്ചു. അവർ തേരിൽ സഞ്ചരിച്ചുകൊണ്ടിരുന്ന പ്പോൾ വെള്ളമുള്ളൊരു സ്ഥലത്തെത്തിയപ്പോൾ ഞാൻ സ്നാനമേല്ക്കുന്നതിനു എന്തു വിരോധം എന്നു ഷണ്ഡൻ ചോദിച്ചു. യേശുക്രിസ്തു ദൈവപുത്രനാ ണെന്നു ഹൃദയപൂർവ്വം വിശ്വസിക്കുന്നുവെങ്കിൽ ആകാം എന്നു ഫിലിപ്പൊസ് മറുപടിയും നല്കി. അതിനു ഷണ്ഡൻ, താൻ വിശ്വസിക്കുന്നു എന്നു പറഞ്ഞു. ഉടനെ ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി ഫിലിപ്പൊസ് ഷണ്ഡനെ സ്നാനം കഴിപ്പിച്ചു. ഷണ്ഡൻ സന്തോഷിച്ചുകൊണ്ട് തന്റെ വഴിക്കു പോകു കയും ചെയ്തു.

ഈ മനുഷ്യൻ തിരുവെഴുത്തു വായിക്കുന്നുണ്ടായി രുന്നുവെങ്കിലും ഫിലിപ്പൊസ് അവനോടു നീ വായിക്കു ന്നതു ഗ്രഹിക്കുന്നുണ്ടോ എന്ന ചോദ്യത്തിൽ നിന്നും വായിക്കുന്നതു 'മനസിലാകുന്നുണ്ടോ' എന്നറിയുവാൻ ഫിലിപ്പൊസ് ആഗ്രഹിച്ചു. വെറും വായന കൊണ്ടു മാത്രം വേദഭാഗത്തിലെ അർത്ഥം മനസിലാക്കാൻ കഴിയു കയില്ല എന്ന വസ്തുത ശ്രദ്ധിക്കണം. അതിന്റെ അർത്ഥം ഒരാൾക്കു ബൈബിൾ മനസിലാകുന്നതല്ല എന്നുമല്ല. തെററു പഠിച്ചുവെച്ചിട്ടുള്ളവർക്കു നിഷ്പ്പക്ഷ മായി വചനത്തിലെ അർത്ഥം മനസിലാക്കാൻ കഴിയാതെ വരുന്നതിന്റെ കാരണം സത്യത്തിനെതിരായി ആ വ്യക്തി യിൽ നിലനില്ക്കുന്ന ദുരഭിമാനമായിരിക്കും. അറിവില്ലാ യ്മയും അപകടകരമായ ഒന്നാണ്. മററു പല കാരണങ്ങൾ ഉണ്ടാകാം. എന്നാൽ ഷണ്ഡന്റെ കാര്യത്തിൽ അങ്ങനെ യല്ല, അവൻ ഫിലിപ്പൊസിനോടു സഹായത്തിനു ആവശ്യ പ്പെടുകയാണ്. അവനു ആവശ്യമുള്ള സഹായം ഫിലി പ്പൊസ് ചെയ്തുകൊടുക്കയും ചെയ്തു.

ദൈവം നമ്മോടു സംസാരിച്ചിരിക്കുന്നു (എബ്രായർ 1:1-2). ഈ ലോകത്തിൽ അവൻ തന്റെ ഇഷ്ടം വെളിപ്പെടുത്തി (യോഹ. 17:17; മത്തായി 7:21). പക്ഷെ നാം അവന്റെ വചനം വായിച്ച് മനസ്സിലാക്കണമെന്നുമാത്രം (2 തിമൊഥെയോസ് 2:15). അങ്ങനെ ചെയ്താൽ മാത്രമെ നമുക്കു അവന്റെ ഇഷ്ടം അറിയുവാൻ കഴിയു. അതറിഞ്ഞാൽ മാത്രമെ അവനെ യഥാർത്ഥമായി അനുസരിക്കുവാനും സാദ്ധ്യമാകു. നമുക്ക് അതു അറിഞ്ഞുകൂടെങ്കിൽ അഥവാ മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ നമുക്കെങ്ങനെ ദൈവത്തെ അനുസരിക്കാൻ പററും ?

സത്യവസ്തുത എന്തെന്നാൽ പുതിയ നിയമം എഴുതിയിരിക്കുന്നതു ലളിതമായ രീതിയിലാണ്. എല്ലാ ഭാഷകളിലേക്കും അതു തർജ്ജിമ ചെയ്തിട്ടുള്ളതുകൊണ്ട് ഏതു ഭാഷക്കാർക്കും വായിക്കുവാനും ഗ്രഹിക്കുവാനും ഉപകരിക്കുന്നതാണ്. പൊതുവിലുള്ള ഒരു അബദ്ധധാരണ എന്തെന്നാൽ അതു സാധാരണക്കാർക്കു ഗ്രഹിക്കാവുന്നതല്ല എന്നതാണ്. മനസ്സിരുത്തിവായിക്കുകയും വചനപരിജ്ഞാനമുള്ള ഒരാളുടെ സഹായം തേടുകയും ചെയ്താൽ മനസിലാക്കാവുന്ന വെളിപ്പാടാണ് ബൈബിൾ. ക്രിസ്തു തന്റെ ശിഷ്യൻമാരോടു കല്പിച്ചതു സുവിശേഷം സർവ്വദേശത്തും എത്തിക്കുവാനാണ് അതായതു സകല സൃഷ്ടികളോടും അറിയിക്കുവാൻ നിർദ്ദേശിച്ചു (മർക്കൊസ് 16:15, 16; മത്തായി 28:18-20). എന്തുകൊണ്ടാണ് അങ്ങനെ ആവശ്യപ്പെട്ടത് ? അവർ എങ്ങനെ സുവിശേഷം പ്രഖ്യാപിക്കും? അതിൽ ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവ അടങ്ങിയിരിക്കുന്നു. ഈ സത്യത്തെ ആളുകൾ അറിയണമെന്നു ദൈവം ഇച്ഛരിക്കുന്നു. മനുഷ്യരുടെ രക്ഷക്കു നിദാനം മററൊന്നല്ല. സുവിശേഷത്തിലെ കല്പനകൾ ആളുകൾ വിശ്വസിക്കയും അപ്രകാരം അവർ കർത്താവിനെ അവന്റെ ഇഷ്ടപ്രകാരം അനുസരിക്കയും വേണം. ദൈവഹിതം അറിയാത്ത നിരവധി

പേർ ഇന്നു അവരുടെ സ്വന്തം "ഇഷ്ടമനുസരിച്ചാണ് ദൈവത്തെ അനുസരിക്കുന്നതു. ഇതു തികച്ചും നിഷേധാത്മകമായ സമീപനമാണ്. നാം ദൈവത്തെ പ്രീതിപ്പെടുത്തേണ്ടതു ദൈവത്തിൻെറ ഇഷ്ടത്തെ മാനിച്ചുകൊണ്ടായിരിക്കണം. നമ്മളെ രക്ഷിക്കുന്നതു ദൈവമാണ് എന്ന കാര്യം നാം വിസ്മരിക്കരുതു.

ക്രിസ്തു ആരാണെന്ന് ഒരാൾ അറിയാതെ എങ്ങനെ അയാൾക്കു ക്രിസ്തുവിനെ വിശ്വസിക്കാൻ കഴിയും? ക്രിസ്തുവിൻെറ വചനം കേട്ടു ഗ്രഹിച്ചിട്ടുവേണം ഒരാൾ വിശ്വസിക്കുവാൻ എന്നു അപ്പൊസ്തലനായ പൌലോസ് പറഞ്ഞിരിക്കുന്നു (റോമർ 10:17). മാനസാന്തരം എന്താണെന്നും മാനസാന്തരത്തിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ടെന്നും, മനസിലാക്കാതെ ഒരാൾ എങ്ങനെ മാനസാന്തരപ്പെടും? "കള്ളൻ ഇനി കക്കാതെ മുട്ടുള്ളവന്നു ദാനം ചെയ്‌വാൻ ഉണ്ടാകേണ്ടതിന്നു കൈകൊണ്ടു നല്ലതു പ്രവർത്തിച്ച് 'അദ്ധ്വാനിക്കയത്രേ വേണ്ടതു (എഫെസ്യർ 4:28). അതു പോലെ തന്നെ മററെല്ലാ പാപത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ക്രിസ്തു വാസ്തവത്തിൽ ആരെന്നു അറിയാതെ ക്രിസ്തുവിനെ ഒരാൾ എങ്ങനെ ഏററു പറയും (റോമർ 10:10; മത്തായി 10:32, 33). സ്നാനം എന്താണെന്നോ അതിൻെറ ഉദ്ദേശം എന്താണെന്നോ അറിയാതെ ഒരാൾ സ്നാനമേല്ക്കുന്നതും എങ്ങനെ? (റോമർ 6:3, 4; പ്രവൃത്തി 2:38). കർത്താവിൻെറ സഭയെക്കുറിച്ച് അറിയാതെ ആളുകൾ എങ്ങനെ അവൻെറ സഭയിൽ അംഗങ്ങളാകും (മത്തായി 16:18; എഫെസ്യർ 5:23; 1 കൊരിന്ത്യർ 12:13).

സ്നാനമെന്തെന്ന് അറിയാതെ, അതിൻെറ ഉദ്ദേശമെന്തെന്നു അറിയാതെ പിന്നീട് വചനാനുസരണം സ്നാനപ്പെട്ടതായി കണ്ടുപിടിക്കുന്നവരില്ലേ? അങ്ങനെ എങ്കിൽ എല്ലാ വ്യക്തികളേയും (നമുക്കു കൈതൊടാവുന്ന)

മുക്കാവുന്നതാണ്. താൻ ചെയ്ത പാപത്തെ സംബന്ധിച്ചും അതിൽ നിന്നു തിരിയുന്നതിനെ സംബന്ധിച്ചും പഠിപ്പിക്കാതെ ഒരാളെ വചനാനുസരണം സ്നാനം കഴിപ്പിക്കാമോ ? മാനസാന്തരപ്പെടണമെന്നു പഠിപ്പിച്ചിട്ടും അയാൾ മാനസാന്തരപ്പെടാൻ കൂട്ടാക്കാതിരുന്നാൽ അയാളെ വചനപ്രകാരം സ്നാനപ്പെടുത്താമോ ? നാമധേയവിഭാഗത്തിൽ അംഗമായിരിക്കയും പിന്നീട് അയാൾ ഒരു ദിവസം ക്രിസ്തുവിന്റെ സഭയിൽ അംഗമാണെന്നു തിരിച്ചറിയുകയും ചെയ്യാൻ സാധ്യതയുണ്ടോ ? ആരാധനയെക്കുറിച്ച് ബൈബിളിൽ പറയുന്നതു മനസിലാക്കാതെ ദൈവത്തിനു സ്വീകാര്യമായ ആരാധന സമർപ്പിപ്പാൻ ഒരാൾക്കു എങ്ങനെ കഴിയും? അജ്ഞതയുടെ അടിസ്ഥാനത്തിൽ മനുഷ്യന്റെ പ്രതികരണത്തെ ദൈവം കണക്കിടാതിരിക്കുമെന്നു നിങ്ങൾ കരുതുന്നുണ്ടോ ? ഇങ്ങനെ ധാരാളം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കാം. അങ്ങനെയെങ്കിൽ തന്റെ ഇഷ്ടം അറിയുവാനും മനസിലാക്കുവാനും വേദപുസ്തകം തന്നിരിക്കുന്നതു എന്തിന് ? അങ്ങനെ എങ്കിൽ ദൈവവചനം പഠിപ്പിക്കുന്നതു തന്നെ എന്തിന് ?

ഇല്ല, ഒരാൾക്കു അജ്ഞാതമായോ യാദൃശ്ചികമായോ സുവിശേഷം അനുസരിക്കാനോ കർത്താവിന്റെ സഭയിൽ അംഗമാകാനോ സാദ്ധ്യമല്ല. അവർ ആരുതന്നെയായാലും അവരുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടാതെ രക്ഷിക്കപ്പെടാനോ കർത്താവിന്റെ സഭയിൽ അംഗമായിതീരാനോ കഴിയുകയില്ല.

കർത്താവ് തന്റെ ഹിതം നമുക്കു വായിക്കുവാനും മനസിലാക്കുവാനുമായി വെളിപ്പെടുത്തി തന്നിരിക്കുന്നു. അതു നാം പിൻപററുവാനായിട്ടാണ് ചെയ്തിരിക്കുന്നതു. അപ്പോൾ മററൊരു വഴി എങ്ങനെ ചിന്തിക്കാൻ കഴിയും ?

★

# ക്രൂശിന്റെ വഴി

**ജോണി രാംസെ**

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ക്രിസ്തുവിന്റെ രക്തം സമൃദ്ധമാക്കുന്ന ഒന്നാണ്. മശിഹയുടെ രക്തത്താൽ ലഭിക്കുന്ന നൻമകാം,. അവന്റെ രക്തത്താൽ ഉളവാകുന്ന ശുദ്ധീകരണം, തൻമൂലം സംജാതമാകുന്ന ക്രിസ്തുവിലുള്ള പുതിയ ജീവൻ, ഫലങ്ങാം എന്നിവ യൂദയുടെ ലേഖനത്തിലെ ഉപസംഹാരത്തിൽ നാം ദർശിക്കുന്നുണ്ട്. നമ്മുടെ വീണ്ടെടുപ്പുകാരനും പിതാവുമായ ദൈവത്തോടുള്ള നമ്മുടെ ബന്ധം ഈ രക്തത്താൽ നമുക്കു ശരിയായി സൂക്ഷിക്കാൻ കഴിയുന്നു. "വീഴാത വണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാ സന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവനു, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ഏകദൈവത്തിനുതന്നെ, സർവ്വകാലത്തിനു മുമ്പും ഇപ്പോഴും സദാകാലത്തോളവും തേജസും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ" (യൂദ 20, 25).

## എന്താണ് ക്രൂശിന്റെ വഴി?

ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ വഴിയും രക്ഷാപദ്ധതിയുമാണ് ക്രൂശിൽ നാം കണ്ടെത്തുന്ന വസ്തുത (പ്രവൃത്തി 2:36, 13:38-39). ക്രൂശിക്കപ്പെട്ടവൻ കർത്താവും ക്രിസ്തുവുമായി തീർന്നു. ആ വാക്കുകളുടെ അർത്ഥം, യജമാനനും, ദൈവത്തിന്റെ അഭിഷിക്തനും എന്നതാണ്. അവൻ മുഖാന്തരം മനുഷ്യവർഗ്ഗത്തിന്റെ പാപം തുടച്ചുനീക്കുവാനും അവരെ സൃഷ്ടി കർത്താവിന്റെ അടുക്കലേക്കു മടക്കിവരുത്തുവാനും കഴിയുന്നു.

എത്ര കരുണാധിക്യവും മനോഹരവുമായ അവസരമാണ് അത്! കർത്താവിനോടുകൂടെ വിശുദ്ധിയിൽ നടക്കുവാനുള്ള ആത്മാർത്ഥതയും പ്രത്യാശയുമാണ് ക്രൂശിന്റെ വഴി. തുടർന്നുള്ള ക്രൂശിന്റെ വഴി നോക്കുക. താഴ്മ (യോഹന്നാൻ 6:38), യാഗം (ഫിലിപ്പിയർ 2:8), കീഴ്പ്പെടൽ (മത്തായി 26:42), ശുശ്രൂഷ (മർക്കൊസ് 10:45), അനുസരണം (യോഹന്നാൻ 17:4). ജയം (റോമർ 1:4). മനസലിവ് (ലൂക്കൊസ് 23:34), കരുതൽ (മർക്കൊസ് 16:15).

ഗൊൽഗോഥായിൽ ദൈവപുത്രനായ ക്രിസ്തുവിന്റെ രക്തം ചിന്തിയപ്പോൾ അതു എവർക്കും പ്രയോജനപ്പെടുന്ന ഒന്നായി മാറി. ജീവിതമായി കണക്കാക്കുന്ന ഏക ജീവിതം ക്രിസ്തുവിലൂടെയുള്ള ജീവിതമാണ്. വീണ്ടെടുത്തു രക്ഷിക്കുന്ന യേശുവിന്റെ കുററമില്ലാത്ത രക്തം ജീവന്റെ മാർഗ്ഗമായി തീർന്നു. അതു സ്വീകരിക്കുന്ന യാതൊരുത്തനും ലജ്ജിക്കേണ്ട ആവശ്യമില്ല. പ്രായശ്ചിത്തബലിയായ ക്രൂശിലെ ഏക സംഭവം നിങ്ങൾക്കും പ്രയോജനപ്പെടുത്താം.

★

**സ്ത്രീകൾക്കുമാത്രം**

# സ്ത്രീയുടെ വില

## ബെററി B. C.

### അതിഥി സൽക്കാരത്തിൽ

അതിഥി സല്ക്കാരം മറക്കരുതു. അതിനാൽ ചിലർ അറിയാതെ ദൈവദൂതൻമാരെ സല്ക്കരിച്ചിട്ടുണ്ടല്ലൊ (എബ്രായർ 13:2).

നിസ്വാർത്ഥതയുടേയും ആദരവിന്റേയും സൂചനയായ ഒരു സ്വഭാവഗുണമായിട്ടാണ് സല്ക്കാരത്തെ ചരിത്രത്തിലെല്ലാം കണക്കാക്കിയിട്ടുള്ളതു. അതിഥികളായി വരുന്നവരെ സേവിക്കുക, ശുശ്രൂഷിക്കുക എന്നൊക്കെ പറഞ്ഞുകേട്ടിട്ടില്ലേ?

ഒരിക്കൽ അബ്രഹാമിന്റെ കൂടാരത്തിനടുത്തുകൂടെ മൂന്നു പുരുഷൻമാർ കടന്നു പോകുന്നതു അബ്രഹാം കണ്ടു. അവൻ ഓടിച്ചെന്നു അവരെ കണ്ടു തന്റെ വൃക്ഷത്തിന്റെ ചുവട്ടിൽ വിശ്രമിപ്പാൻ അവരോടു അപേക്ഷിക്കയും ചെയ്തു. അവൻ പിന്നെ ബദ്ധപ്പെട്ടു സാറയുടെ അടുക്കൽ ചെന്നു അവർക്കു ആഹാരം ഒരുക്കുവാൻ നിർദ്ദേശിച്ചു. അബ്രഹാം പശുക്കൂട്ടത്തിൽ ഓടിച്ചെന്നു ഇളയതും നല്ലതുമായൊരു കാളക്കുട്ടിയെ പിടിച്ചു ഒരു ബാല്യക്കാരന്റെ പക്കൽ കൊടുത്തു. അവൻ അതിനെ ക്ഷണത്തിൽ പാകപ്പെടുത്തി. പിന്നെ അവൻ വെണ്ണയും പാലും താൻ പാകം ചെയ്യിച്ച കാളക്കുട്ടിയേയും കൊണ്ടു വന്നു അവരുടെ മുമ്പിൽവെച്ചു; അവരുടെ ആളുകൾ വൃക്ഷത്തിൻ കീഴിൽ ശുശ്രൂഷിച്ചു നിന്നു; അവർ ഭക്ഷണം കഴിച്ചു.

ആ അനന്തരഫലമുളവാക്കുന്ന ദിവസം അബ്രഹാം സല്ക്കരിച്ചതു കർത്താവിനെയും രണ്ടു ദൂതൻമാരെയും ആയിരുന്നു (ഉല്പത്തി 18:13, 14; 19:1). മനുഷ്യഭാവത്തിലായിരുന്നു അവൻ പ്രത്യക്ഷപ്പെട്ടതു. അബ്രഹാമും ഭാര്യ സാറയും അതു പ്രകടിപ്പിച്ച അതിഥി സൽക്കാരത്തെപോലെ ക്രിസ്ത്യാനികൾ അതിഥി സല്ക്കാരം ആചരിക്കണമെന്ന് പുതിയ നിയമത്തിൽ എബ്രായലേഖകൻ ഉത്ബോധിപ്പിക്കുന്നു. വളരെക്കാലം മുൻപ് നടന്ന ആ സല്ക്കാരത്തെ സ്മരിക്കുമ്പോൾ അതിന്റെ ഫലത്തിനും പ്രത്യേകതയുണ്ട്.

ദൈവത്തിൻെറ പ്രവാചകനായിരുന്നു ഏലീശാ. ഒരു ദിവസം ഏലീശാ ശൂനേമിലേക്കുപോയി; അവിടെ ധനികയായിരുന്ന ഒരു സ്ത്രീ ഉണ്ടായിരുന്നു. അവൾ അവനെ ഭക്ഷണത്തിന്നു വരേണം എന്നു നിർബ്ബന്ധിച്ചു. പിന്നെത്തേതിൽ അവൻ ആ വഴി പോകുമ്പോഴൊക്കെയും ഭക്ഷണത്തിനു അവിടെ കയറും. അവൾ തൻെറ ഭർത്താവിനോടു: നമ്മുടെ വഴിയായി കൂടെക്കൂടെ കടന്നുപോകുന്ന ഈയാൾ വിശുദ്ധനായോരു ദൈവപുരുഷൻ എന്നു ഞാൻ കാണുന്നു. നാം ചുവരോടുകൂടിയ ചെറിയോരു മാളികമുറി പണിതുണ്ടാക്കുക: അതിൽ അവനു ഒരു കട്ടിലും ഒരു മേശയും ഒരു നാല്ക്കാലിയും ഒരു നിലവിളക്കും വെക്കുക; അവൻ നമ്മുടെ അടുക്കൽ വരുമ്പോൾ അവന്നു അവിടെ കയറി പാർക്കാമല്ലോ എന്നു പറഞ്ഞു (2 രാജാക്കൻമാർ 4:8-10).

അങ്ങനെ അതിൻെറ പണി പൂർത്തിയായി. അതിനുശേഷം ഏലീശയും തൻെറ ദാസനായിരുന്ന ഗേഹസിയും എപ്പോഴെല്ലാം അതു വഴി വരുന്നുവോ അവിടെ ആ മാളികമുറിയിൽ കയറി വിശ്രമിക്കയും പാർക്കയും ചെയ്തു വന്നു. ഒരു പ്രവാചകൻ എന്ന നിലയിൽ ഏലീശായുടെ ജീവിതം അത്ര എളുപ്പമായിരുന്നില്ല. പ്രതികൂലമായ സാഹചര്യങ്ങളിൽ കൂടെ നീങ്ങുകയായിരുന്നു അവൻ. അവൻെറ ഭൗതികമായ ആവശ്യങ്ങൾ നല്കപ്പെടുന്നില്ല എന്നു ശൂനേംകാരത്തി മനസിലാക്കി. അവിടെയുള്ള ബാൽ പുരോഹിതൻമാരാൽ പ്രവാചകൻെറ ജീവൻ പോലും അപകടത്തിലാണെന്ന് ഒരു പക്ഷെ അവൾ അറിഞ്ഞിരിക്കാം. അതുപോലെ ഇസ്രായേലിൻെറ രാഷ്ട്രീയ ശത്രുക്കളും ധാരാളമുണ്ടായിരുന്നു. അരാംരാജാവാണെങ്കിൽ ഏലീശായെക്കുറിച്ച് കേട്ടപ്പോൾ അവനെ കൊല്ലുവാൻ പദ്ധതി ആവിഷ്ക്കരിച്ചിരിക്കയുമായിരുന്നു.

(2 രാജാക്കൻമാർ 6:1-23).

എന്നാൽ ശൂനേംകാരത്തിയുടെ മനസലിവുള്ള ഹൃദയം, ഏലീശായുടെ വിഷമഘട്ടം, സുഖകരമാക്കാൻ ചലിച്ചു. അവൻ കടന്നു പോകുമ്പോൾ പ്രവാചകനുവേണ്ടി അവൾ ഭക്ഷണം ഒരുക്കി. അവൻ അതു ഭക്ഷിച്ചിരുന്നു. അവനു താമസിക്കുവാൻ പ്രത്യേകമായ ഒരു മുറി പണിയുവാനും അതിൽ ആവശ്യമുള്ള സാധനസാമഗ്രികൾക്കായും അവൾ പണം ചെലവിടുന്നു. അവളുടെ ദൈവികമായ വിചാരവും സ്വഭാവവും എത്രമാത്രം നമ്മെ ഉണർത്തുന്നതാണ് എന്നു ചിന്തിക്കുക. എല്ലാവർക്കും ഇത്തരം സ്വഭാവവിശേഷതകൾ കണ്ടെന്നു വരികയില്ല.

ശുനേംകാരത്തി തന്റെ ധനം ശരിയായി ഉപയോഗിക്കണം എന്ന സ്വഭാവക്കാരിയായിരുന്നു. പണമുണ്ടെങ്കിൽ അതു സ്വന്തം ആവശ്യത്തിനു മാത്രമാണെന്നുള്ള സ്വാർത്ഥത ഇവിടെ മറ നീങ്ങുന്നു. അതു പ്രയാസം അനുഭവിക്കുന്നവരുടെ കഷ്ടത നീക്കാൻ വേണ്ടി പ്രവർത്തിക്കയാണ് ഇവിടെ ചെയ്യുന്നതു. ദൈവസന്നിധിയിൽ മാന്യവും പ്രസാദകരവുമായ പ്രവൃത്തിയാണ് ഈ ദൈവഭക്തയായ സ്ത്രീയിൽ നാം കാണുന്നതു. സന്ദർഭോചിതമായ പ്രവൃത്തിക്കു തക്ക പ്രതിഫലവും അവർക്കു ലഭിക്കുന്നുണ്ട്.

ഈ ശുനേംകാരത്തി സ്ത്രീ ദൈവഭക്തയും അതിഥിസൽക്കാരപ്രിയയും മാത്രമായിരുന്നില്ല. അവളിൽ ഉണ്ടായിരുന്ന ഗുണങ്ങൾ മററു പലതുമായിരുന്നു. ഉപകാരപ്രദമായ സൽപ്രവൃത്തികളിൽ മുൻപന്തിയിലായിരുന്നതു കൊണ്ടാകാം ദൈവശ്വാസീയനായ എഴുത്തുകാരൻ അവളെ ശ്രദ്ധേയമായ രീതിയിലും മഹത്തായ രീതിയിലുമാണ് ചിത്രീകരിച്ചിരിക്കുന്നതു. എത്രമാത്രം മതിപ്പാണ് അവർക്ക് തിരുവെഴുത്തിൽ ലഭിച്ചിരിക്കുന്നത്! ഇന്നത്തെ ദൈവഭവനത്തിലെ സ്ത്രീകളായ നമ്മുക്ക് നമ്മുടെ ജീവിതത്തിൽ വളർത്തിയെടുക്കേണ്ട വിശേഷതകൾ അനുകരിക്കാൻ കഴിയണം. ദൈവത്തിന്റെ ആഗ്രഹമനുസരിച്ച് നാം സൽഗുണപൂർത്തിയിലും സൽപ്രവൃത്തിയിലും വളർന്നു വരണം.

ശൂനേംകാരത്തി സ്ത്രീയിൽ നിന്നു മറെറന്തെല്ലാമാണ് നാം പഠിക്കുന്നത്? സ്വഭാവശുദ്ധിയുള്ള ഒരു സ്ത്രീയായിരുന്നു അവൾ. അവളുടെ ദയവിനു പ്രത്യുപകാരമായി പ്രവാചകൻ എന്തു ചെയ്തുകൊടുക്കണമെന്ന ആവശ്യം അവളോടു ചോദിച്ചപ്പോൾ അവൻെറ രഹസ്യമുറിയിൽ അവളുടെ സ്വന്ത ഇഷ്ടപ്രകാരം പ്രവേശിപ്പാൻ പോലും അവൾ തയ്യാറായില്ല. 2 രാജാക്കന്മാർ 4-ാം അദ്ധ്യായം 15-ാം വാക്യത്തിൽ പറയുന്നു: അവളെ വിളിപ്പിച്ചപ്പോൾ അവൾ വാതില്ക്കൽ വന്നു നിന്നതേയുള്ളു എന്ന്. എന്തുമാത്രം വിനയവും ബുദ്ധിയും ഉള്ളവളായിരുന്നു അവൾ എന്നു അതു സൂചിപ്പിക്കുന്നു. നാമായിരുന്നുവെങ്കിൽ ആ സ്ഥാനത്തു എങ്ങനെ ഇടപെടുമായിരുന്നു എന്നു ചിന്തിക്കുക.

ദൈവപുരുഷനായ ഏലീശായുടെ ശക്തിയിലും ദൈവത്തിലും നല്ല ആശ്രയം ഉണ്ടായിരുന്നു അവൾക്ക്. ഏലീശായുടെ പ്രവചനം അവളിൽ നിറവേറുകയുണ്ടായി. അവൻ വാഗ്ദാനം ചെയ്തതനുസരിച്ച് ശൂനേംകാരത്തിക്ക് ഒരു മകൻ ജനിച്ചു (2 രാജാക്കൻമാർ 4:17). എന്നാൽ കുറെ നാൾ കഴിഞ്ഞപ്പോൾ കുട്ടിക്കു ദീനം വന്നു അവൻ മരിച്ചു. ശൂനേംകാരത്തി അപ്പോൾ എന്താണ് ചെയ്തത്? അവളുടെ ഈ സങ്കടത്തിൽ അവൾ ദുഃഖിച്ച് വിലപിച്ച് സമയം കളഞ്ഞോ? ഇല്ല. അപ്രതീക്ഷിത യാത്രക്കൊരുങ്ങുന്നതു എന്തിനാണെന്ന അവളുടെ ഭർത്താവിൻെറ ചോദ്യത്തിനുപോലും "അതു നൻമക്കാണ്" എന്നു മാത്രം അവൾ ഉത്തരം നല്കി (2 രാജാക്കൻമാർ 4:23). വലിയ വിശ്വാസമുള്ള ഒരു സ്ത്രീയായിരുന്നു അവൾ.

ദൈവഭക്തിയുടെ മർമ്മവും ശക്തിയും യഥാർത്ഥമായി അനുഭവിക്കുന്ന സ്ത്രീകൾക്കിടയിൽ ഇന്ന് ചലനാത്മകമായ പ്രവർത്തനങ്ങൾ ഉണ്ടെങ്കിൽ ചുററുപാടുമുള്ള ആളുകളിൽ അതു കാര്യമായ സ്വാധീനം ചെലുത്തുവാൻ

കഴിയും. ലോകത്തിലുള്ള ആളുകൾ നമ്മുടെ മാഹാത്മ്യം, വിനയം, വിശ്വാസം, നിസ്വാർത്ഥത, അതിഥിസൽക്കാരം, സൽപ്രവൃത്തികൾ എന്നീ ഗുണങ്ങൾ കണ്ടുകൊണ്ട് ദൈവത്തിന്റെ വഴിയിലേക്കു ആകൃഷ്ടരായി തീരും. അതിനു നാം ലോകത്തിൽ നിന്നും വേർപ്പെട്ട വിശുദ്ധജീവിതം നയിക്കണം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നാം മാതൃകാപരമായ വെളിച്ചം ലോകത്തിനു പ്രദാനം ചെയ്യണം. നാം ലോകത്തെ അനുകരിക്കാതെ ലോകം നമ്മെ അനുകരിക്കണം. അപ്പോൾ സ്ത്രീയുടെ വില എല്ലാവരും മനസിലാക്കും; അവർക്ക് ലഭിക്കേണ്ട മതിപ്പും മാനവും ലഭിക്കും.

★

# പാപത്തിന്റെ ഫലങ്ങൾ

**R. L. റഫ്നർ**

അടുത്ത കാലത്ത് അമേരിക്കയിലെ അറിയപ്പെടുന്ന ഒരു നാമധേയവിഭാഗത്തിന്റെ കമ്മിറ്റി അംഗീകരിച്ച പ്രമേയ വിവരണം ശ്രദ്ധേയമാണ്. സ്വവർഗ്ഗഭോഗികളായവരേയും ഭിന്നലിംഗത്തിൽ പെട്ടവരും അവിവാഹിതരുമായ ദമ്പതികളായവരേയും സ്വീകരിക്കുന്ന ഒന്നായിരുന്നു അതു. ആ വിഭാഗത്തിലെ യാഥാസ്ഥിതികരായ ആളുകൾ അതിനെ എതിർത്തു എന്നു പറയേണ്ട ആവശ്യമില്ല. വർത്തമാനപേപ്പറുകളിൽ പാപത്തെ ഒഴിവാക്കിക്കൊണ്ടുള്ള പരസ്യവും വന്നു. അതു ദേശം മുഴുവൻ അറിയപ്പെട്ടു. ദൈവഭക്തിയുള്ള മാന്യരായ ആ വിഭാഗത്തിലെ ഏതാനും അംഗങ്ങൾ ഇതിനെ കരുതിക്കൂട്ടിയുള്ള ദ്രോഹമായി കണ്ടു. വാസ്തവത്തിൽ അതു അങ്ങനെ തന്നെയാണ്. സ്വവർഗ്ഗഭോഗത്തിലും അവിവാഹിത ലൈംഗിക ബന്ധത്തിലും ദൈവം സംപ്രീതനല്ല എന്നു തന്റെ വചനത്തിൽ ദൈവം

വ്യക്തമാക്കിയിട്ടുണ്ട് (ലേവ്യാ. 18:22-23; റോമ. 1:21-32; 1 കൊരി. 6:9-10, 18; എബ്രായർ 13:4).

ഈ നാമധേയവിഭാഗം അവരുടെ പൊതുസമ്മേളനങ്ങളിൽ ഈ റിപ്പോർട്ട് അവർ സമീപഭാവിയിൽ എടുത്തു പറയുവാനിടയില്ലഎന്നുനമുക്കു അനുമാനിക്കാം. മനുഷ്യനിർമ്മിതമായ ഒരു വിഭാഗത്തിലും അങ്ങനെ ചെയ്യുമെന്നു തോന്നുന്നില്ല. ദൈവം പറഞ്ഞിരിക്കുന്നതു വായിക്കാം. "ഞാൻ ഉപേക്ഷണം വെറുക്കുന്നു എന്നു യിസ്രായേലിൻെറ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു. അതു ചെയ്യുന്നവൻ തൻെറ വസ്ത്രം സാഹസം കൊണ്ടു മൂടുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു. ആകയാൽ നിങ്ങൾ അവിശ്വസ്തത കാണിക്കാതിരിക്കേണ്ടതിനു നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചുകൊൾവിൻ (മലാഖി 2:16). അതേ ദൈവം അപ്പൊസ്തലനായ പൌലൊസിൽ കൂടെ അരുളിച്ചെയ്തതു. സഹോദരൻമാരേ നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം എന്നു ഞാൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ നാമം ചൊല്ലി പ്രബോധിപ്പിക്കുന്നു എന്നത്രേ (1 കൊരി. 1:10). ദൈവത്തിനു അനേകം സഭകൾ വേണമെന്ന് ആഗ്രഹമില്ല, ഒരു ശരീരം മാത്രം (മത്തായി 16:18; എഫെസ്യർ 4:4). ബഹുഭാഷാപ്രയോഗത്താൽ മതപരമായി കലക്കം ഉണ്ടാക്കുവാൻ ദൈവം ഇഷ്ടപ്പെടുന്നില്ല. വൈരുദ്ധ്യത്തിൽ ഏകത്വം എന്ന നയമാണ് നാമധേയവിഭാഗങ്ങൾക്കുള്ളതു. അതിനു വിപരീതമായി യേശുക്രിസ്തു എവരുടേയും ഐക്യതക്കുവേണ്ടിയാണ് പ്രാർത്ഥിച്ചതും പ്രവർത്തിച്ചതും.
(യോഹന്നാൻ 17:20-11).

പുതിയ നിയമസഭയുടെ ഇടവകകൾക്കു സ്വയംഭരണാവകാശം നല്കപ്പെട്ടതുകൊണ്ട് ഞാൻ ദൈവത്തോടു നന്ദി

യുള്ളവനാണ്. ഒരു ഇടവകമേൽ മററൊരു ഇടവകക്കു വചന പ്രകാരം യാതൊരു അധികാരവുമില്ല. എന്നാലും സ്നേഹത്താൽ ഉപദേശപരമായ കാര്യങ്ങളിൽ വേണ്ട നിർദ്ദേശം കൊടുക്കുവാനും തിരുത്തുവാനും ശ്രമിക്കുന്നതു കുററകരമല്ല. വിശ്വാസത്തിൽ നിന്നു തെററിപ്പോകുന്ന ഇടവകയുമായി ബന്ധപ്പെടാതിരിക്കുന്നതും ആവശ്യമെങ്കിൽ ആകാം (റോമ. 16:17). അപ്രകാരമാണ് ഒരു ഇടവകയിലെ വിശ്വാസത്യാഗം മററു ഇടവകകളിലേക്കു വ്യാപിക്കാതെ കർത്താവ് സൂക്ഷിക്കുന്നതു. സഭയുടെ വിശുദ്ധിക്കു ഇതു അനിവാര്യമാകുന്നു (1 കൊരിന്ത്യർ 11:18-19).

ഭൂരിഭാഗം ആളുകളുടെയും കാഴ്ച്ചപ്പാടിൽ ഏതൊരു നാമധേയ വിഭാഗത്തിൻേറയും ആരംഭം ഉപദ്രവരഹിതമാണ്. കൂടിക്കുഴഞ്ഞ ഉപദേശങ്ങൾ അടങ്ങുന്ന മതപരമായ ഏതെങ്കിലും അദ്ധ്യക്ഷൻ പുതിയ നിയമത്തിനു അന്യമായ ഉപദേശങ്ങൾ അടിച്ചേല്പിക്കും. വീണ്ടും പുതിയ നിയമത്തിനെതിരായ ചില സ്വയംഭരണാവകാശങ്ങൾ പുതുതായി ആരംഭിക്കുന്ന അവരുടെ വിഭാഗങ്ങൾക്കു അനുവദിച്ചുകൊടുക്കുന്നു. പിന്നീട് അവരും പുതിയ നിയമത്തിൽ ഇല്ലാത്ത നിയമാവലികൾ എഴുതിയുണ്ടാക്കി ആളുകളെ അനുസരിപ്പിക്കുന്നു. ഒരു പക്ഷെ അവരുടെ കമ്മിററി മീററിങ്ങിലായിരിക്കും ഇതുപോലുള്ള നിയമങ്ങൾ കൊണ്ടുവരുന്നതും പാസാക്കുന്നതും. തുടർന്നു ഉദ്യോഗസ്ഥമേധാവിത്വമായിരിക്കും നടമാടുന്നതു. പ്രാദേശികസഭയിലെ ദശാംശത്തിലെ ഒരു ഭാഗം, വരുമാനത്തിലെ ഒരു പ്രത്യേക ശതമാനം മററു ഇടവകക്കു നൽകണമെന്ന നിബന്ധന കൊണ്ടുവരും. പട്ടണത്തിലെ സഭ, പ്രാദേശികസഭകൾ എവിടെയെല്ലാം ആരംഭിക്കുന്നുവോ അവരിലെല്ലാം നിയന്ത്രണം ഏർപ്പെടുത്തുന്ന ഭരണസംവിധാനമാണ് കാണപ്പെടുന്നതു. അവരുടെ ന്യായീകരണം അതെല്ലാം നല്ലതിനാണ് എന്നാണ്. പക്ഷെ ദൈവവ്യവസ്ഥക്കു വിപരീതമായ നൻമ ഒന്നുമില്ല.

പടിപടിയായി ഇത്തരം മാററങ്ങൾകൊണ്ടുണ്ടാവുന്ന ദൂഷ്യഫലങ്ങൾ വലുതാണ്. ക്രമേണ ഇവരുടെ നേതൃത്വം ആധുനികവും ലൗകികവുമായി മാറുന്നു എന്നതാണ് പരമാർത്ഥം. സാധാരണക്കാർക്കു ഉണ്ടാകേണ്ട ആശയത്തിൽ നിന്നും വിശ്വാസത്തിൽ നിന്നുപോലും അവരെ അകററികളയുന്ന മനുഷ്യബുദ്ധിയാൽ മെനഞ്ഞെടുക്കുന്ന ഭരണവ്യവസ്ഥയെ കണ്ടില്ലെന്നു നടിക്കുന്നതു ഖേദകരമാണ്. ധാർമ്മികമായ കാര്യങ്ങളിൽ ബൈബിളിനു എതിരായ നിലവാരം സ്വീകരിക്കുന്നു എന്നതാണ് നാമധേയ വിഭാഗങ്ങളുടെ പാപത്തിൻെറ ഫലങ്ങളിൽ ഒന്ന്. സമൂഹം ഇന്ന് നീർച്ചുഴിയിൽ പെട്ട് മുങ്ങിക്കൊണ്ടിരിക്കയാണ്.

മുകളിൽ വിവരിച്ച റിപ്പോർട്ട് പാപത്തിൻെറ ഫലമുളവാക്കുന്നു എന്ന സത്യം നമ്മുടെ ചുററും വസിക്കുന്ന നാമധേയവിഭാഗങ്ങളിലെ സ്നേഹിതൻമാർക്കു കാണിച്ചുകൊടുക്കണം. ഈ പാപം അവർ സമ്മതിക്കുന്നുവെങ്കിൽ മററു തെററുകളും അവർക്കു ബോധ്യം വന്നേക്കാം. ശിശുസ്നാനം, കർത്തൃമേശ എന്നീ കാര്യങ്ങളെല്ലാം പിന്നീടു അവർക്കു മനസിലാക്കികൊടുക്കാം. ഒരു പക്ഷെ അവരെ പുതിയ നിയമത്തിലെ ലളിതമായ കാര്യങ്ങൾ പഠിപ്പിക്കുവാനും അവർ അതു അനുസരിക്കുവാനും ഇടയുണ്ട്. പുതിയനിയമ ക്രിസ്ത്യാനിത്വത്തിൻെറ മഹത്വം അവർക്കും ലഭിക്കുവാൻ ഇടയാകും. മനുഷ്യനിർമ്മിതമായ ഉപദേശങ്ങളിൽ നിന്നും വിശ്വാസപ്രമാണങ്ങളിൽ നിന്നും അവർക്കു സ്വാതന്ത്ര്യം നേടുവാൻ അങ്ങനെ കഴിയും. യേശുക്രിസ്തുവിൻെറ രക്തം അവരെ രക്ഷിക്കയും ശുദ്ധീകരിക്കയും ചെയ്യട്ടെ.

ഈ ലോകത്തുള്ള ഏതൊരു മനുഷ്യനും ദൈവവഴിയിലേക്കു തിരിച്ചു വരുവാൻ ദൈവം കാത്തിരിക്കുകയാണ്. നമുക്കു കിട്ടിയിരിക്കുന്ന അവസരം സ്നേഹപൂർവ്വം നാം ഉപയോഗിക്കുകയാണെങ്കിൽ ദൈവത്തിൻെറ ഉദ്ദേശം നിവർത്തിക്കപ്പെടും എന്നതിനു സംശയമില്ല.

★

# ക്രിസ്തുവിനെ അനുകരിക്കൽ

## ഡേവിഡ് തർമാൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

നഷ്ടപ്പെട്ടവനെ രക്ഷിക്കുക എന്ന തന്റെ ശുശ്രൂഷയിൽ നിന്നും അവൻ വേർപെട്ട് തന്റെ പാരമ്പര്യത്തിലേക്കു യേശു തിരിഞ്ഞുനിന്നില്ല എന്ന പ്രത്യേകതയാണ് നാം കാണുന്നതു. ഇതു തന്റെ സ്നേഹത്തിൽ നിന്നും ഉയർന്ന ഒരു സ്വഭാവമായിരുന്നു; ഇടയൻ ഇല്ലാത്ത ആടുകളെപോലെ വലിയൊരു പുരുഷാരം കഴിയുന്നതു കണ്ടപ്പോൾ അവന്നു അവരോടു മനസലിവ് ഉണ്ടായി (മർക്കൊ. 6:34). നഷ്ടപ്പെട്ട ആളുകളുടെ അവസ്ഥയിൽ അവരോടു യേശുക്രിസ്തുവിനു അനുകമ്പ തോന്നാതിരുന്നിട്ടില്ല. ഈ സന്ദർഭത്തിൽ അവൻ തന്റെ ശിഷ്യൻമാരെ വിളിച്ച് വേറിട്ട് കൊണ്ടുപോകാൻ ഒരുങ്ങുകയായിരുന്നു. എങ്കിലും പുരുഷാരം അവനെ പിൻചെന്നപ്പോൾ അവൻ അവരെ പഠിപ്പിക്കുവാനും അവർക്കുവേണ്ട ഭക്ഷണം നല്കുവാനും തയ്യാറായി. ജീവിതത്തിൽ ലക്ഷ്യമില്ലാതെ അലയുന്ന ആളുകളെ സഹായിക്കുക എന്നതാണ് തന്റെ ദൗത്യം എന്നു കർത്താവ് അറിഞ്ഞിരുന്നു.

നഷ്ടപ്പെട്ടവർക്കുവേണ്ടിയുള്ള യേശുവിന്റെ വിശപ്പ് മതപരമായ തന്റെ ബഹുമാനത്തേക്കാൾ വലുതായിരുന്നു. ''അവൻ ആ സ്ഥലത്തു എത്തിയപ്പോൾ മേലോട്ടു നോക്കി സക്കായിയേ, വേഗം ഇറങ്ങിവാ: ഞാൻ ഇന്നു നിന്റെ വീട്ടിൽ പാർക്കേണ്ടതാകുന്നു എന്നു അവനോടു പറഞ്ഞു. അവൻ ബദ്ധപ്പെട്ടു ഇറങ്ങി സന്തോഷത്തോടെ അവനെ കൈക്കൊണ്ടു. കണ്ടവർ എല്ലാം അവൻ പാപിയായൊരു മനുഷ്യനോടുകൂടെ പാർപ്പാൻ പോയി എന്നു പറഞ്ഞു

പിറുപിറുത്തു (ലൂക്കൊ. 19:5-7). മരത്തിന്റെ മുകളിൽ കയറി ഇരുന്നു തന്നെ ഒരു നോക്കു കാണുവാൻ ആഗ്രഹിച്ച സക്കായിയെ യേശുവിനു ഇഷ്ടമായി. യജമാനൻ അവനെ കണ്ടു സന്തോഷത്തോടെ അവന്റെ വീട്ടിൽ പോയി അവന്റെ മേശയിൽ നിന്നു ഭക്ഷിച്ചു. ഇതു മതപരമായ ആളുകൾക്കു യേശുവിനോട് നീരസത്തിനു കാരണമായി. ദൈവത്തെ പിൻപററുന്ന യഥാർത്ഥ വ്യക്തി അങ്ങനെ പാപിയായ ഒരാളോടു സംസർഗ്ഗം നടത്തുകയില്ല എന്നാണ് അവർ കരുതിയതു. കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലൊ മനുഷ്യപുത്രൻ വന്നതു എന്നു പറയുന്നതു പോലെ ഒരു പാരമ്പര്യവിശ്വാസത്തിനും അവന്റെ പ്രവൃത്തിയെ പിന്തിരിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല.

ക്രിസ്ത്യാനികൾ ഇന്നു യേശുക്രിസ്തുവിന്റെ സ്വഭാവത്തെയാണ് അനുകരിക്കേണ്ടതു. നഷ്ടപ്പെടുന്നവരെ നേടുന്നതിൽ നിന്നു നമുക്കു തടസമായി ഉണ്ടായിരുന്ന ചിന്ത, പാരമ്പര്യം, സ്വഭാവം ഇങ്ങനെ എന്തു തന്നെയായിരുന്നാലും അവയെല്ലാം ഉപേക്ഷിക്കണം. നമ്മുടെ ഇഷ്ടത്തേക്കാൾ ദൈവേഷ്ടത്തിനു പ്രാധാന്യം കൊടുക്കണം.

## അവന്റെ മരണത്തെ അനുകരിക്കുക

സ്വയമായിട്ടാണ് യേശു ക്രൂശിലേക്കു പോയതു. മററുള്ളവരോടുള്ള സ്നേഹം കൊണ്ടാണ് താൻ ഇതു ചെയ്തതു. ദൈവകല്പനയായതുകൊണ്ട് അവൻ അതു ചെയ്തും. നഷ്ടപ്പെട്ടവരെ രക്ഷിക്കുവാനാണ് ചെയ്തതു. ഇപ്പോൾ എല്ലാവരും ആ മരണത്തെ സ്വീകരിപ്പാൻ അവൻ ആവശ്യപ്പെടുന്നു. പിന്നെ യേശു ശിഷ്യൻമാരോടു പറഞ്ഞതു: ഒരുത്തൻ തന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശു എടുത്തു

എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും. എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും (മത്താ. 2:24-25). നമ്മുടെ ഇഷ്ടത്തെ മാററി ദൈവേഷ്ടത്തിനു നമ്മെ കീഴ്പ്പെടുത്തി യേശുക്രിസ്തു ചെയ്തതുപോലെ നഷ്ടപ്പെട്ട ആത്മാക്കളെ നാം കണ്ടെത്തണം. തന്നെത്താൻ ത്യജിച്ചാൽ മാത്രമേ അതു സാധിക്കു.

അപ്പൊസ്തലനായ പൌലൊസ് റോമർക്ക് ഈ രീതിയിലുള്ള പ്രവർത്തനത്തെക്കുറിച്ച് എഴുതുന്നുണ്ട്: അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏററിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേററതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ (റോമർ 6:3-4). ക്രിസ്തുവിനെ അനുകരിക്കുക എന്നു പറഞ്ഞാൽ ജീവനായി മരണത്തെ സ്വീകരിക്കുക എന്നർത്ഥം. അവൻ ആവശ്യപ്പെടുന്ന മരണം ഭൗതികമല്ല. പാപസംബന്ധമാണ്. ഇതു നാം ദൈവേഷ്ടത്തിന്നു നമ്മെത്തന്നെ പൂർണ്ണമായി കീഴ്പ്പെടുത്തി സ്നാനം ഏല്ക്കുമ്പോൾ സംഭവിക്കുന്നു. അവന്റെ മരണത്തോടു ഏകീഭവിക്കുമ്പോൾ നിങ്ങൾ പുതിയ ജീവന് ഉടമയായി തീരുന്നു. യേശുവിനെ അനുകരിക്കുന്ന പുതിയ ജീവിതമാണ് അത്.

★

കവിത

# കഴുത

E. K. തേപ്പുപാറ

പാരിൽ പിറന്നതു ഭാരം ചുമക്കുവാൻ
അല്ലാതെ ഒന്നിനും പററില്ലപാവത്തെ
തല്ലാനും കൊല്ലാനും തല്ലിച്ചതയ്ക്കാനും,
തൻ യജമാനനധികാരമുണ്ടഹോ.

കാളും വിശപ്പടക്കാൻ വെറും പച്ചതവിട്ടിൽ,
കലക്കിയ കാടിയും പിണ്ണാരു പുൽപിടി-
കെട്ടും കൊടുക്കുമേ കുത്തും ചവിട്ടുമായ്,
കാഹളം പോലൊരു ശബ്ദം പുറപ്പെടും.

കാലികൾ കൂട്ടംപോൽ വന്നടുത്തീടുമെ.
പിന്നെ ചുമടുമായ് പോകേണ്ട ദിക്കി-
ലേക്കോടുന്നു പാവം കഴുതകളെപ്പോഴും;
കാളയെ തീററി കൊഴുപ്പിച്ചതെന്തിനെ-

ന്നോർക്കുകിൽ ഞെട്ടുന്നു കഴുതക്കിടാങ്ങളും,
പത്തുപേരൊത്തങ്ങു വന്നൊരുനേരത്ത്.
കത്തികഴുത്തിൽ കയററിപ്പിടിച്ചതും,
വന്നവർ തിന്നു മതിച്ചതും കാളയെ കണ്ടില്ല.

പിന്നവർ കണ്ടതുമില്ലഹോ,
ജീവനൊരാപത്തും പററാതെ ഭൂമിയിൽ.
കഷ്ടപ്പെടുവാൻ പിറന്ന നമുക്കൊരു,
സന്തോഷമുള്ളതു ഞാനുരചെയ്യുമെ.

കാലിത്തൊഴുത്തിലെ കാൽവറി നാഥനെ,
കാലിവയററിൽ ചുമന്നവരല്ലയോ.
സത്യം പറയും പ്രവാചകവീരനെ,
അന്നു ചുമന്നതുമാരറിയുന്നഹോ.

★

# പ്രവൃത്തി

## ജെ. ഫ്രാൻസീസ്

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

വിശ്വാസികളുടെ പിതാവെന്നു ദൈവത്താൽ അംഗീകരിക്കപ്പെട്ട അബ്രഹാമിനെ നോക്കാം. അബ്രഹാമിന്റെ ജീവിതത്തിൽ ഏററവും വലിയ സമ്പത്ത് തന്റെ ഏകപുത്രനായ ഇസഹാക്ക് ആയിരുന്നു. കാരണം അവൻ അവരുടെ വാർദ്ധക്യകാലത്തു ജനിച്ചു. ആ മകനെ ദൈവേഷ്ടപ്രകാരം യാഗം കഴിപ്പാൻ അവൻ തയ്യാറായി. ആ പ്രവൃത്തിയിലൂടെ അവൻ ദൈവത്തെ പൂർണ്ണമായി അനുസരിച്ചു. എന്നാൽ അവനെ യാഗവസ്തുവാക്കാൻ ദൈവം അനുവദിച്ചില്ല. പകരം ഒരു ആട്ടുകൊററനെ യാഗവസ്തുവായി ദൈവം അവനു നൽകി (ഉല്പ. 22:1-13). ദൈവത്തോടു ഇത്രയും വിശ്വസ്തത കാണിച്ച അബ്രഹാം യാഗസ്ഥലത്തു നിന്നും താമസസ്ഥലത്തേക്ക് യാത്ര ചെയ്തു ക്ഷീണിച്ചാണു എത്തിയത്. വിശ്വസ്തരായ അവരെ വേണമെങ്കിൽ ദൈവത്തിനു അവരുടെ യാത്ര ഒഴിവാക്കി ദൈവശക്തിയാൽ താമസസ്ഥലത്തു എത്തിക്കാമായിരുന്നു. എന്നാൽ ദൈവം അതു ചെയ്തില്ല. പകരം അവരെ പ്രവർത്തിപ്പിച്ചു.

ദൈവാജ്ഞപ്രകാരം ഇസ്രായേൽ ജനത്തെ മിസ്രയീം അടിമത്വത്തിൽ നിന്നും മോചിപ്പിച്ചുകൊണ്ടുവന്ന മോശയെ നോക്കാം. മിസ്രയീം ഭരണാധിപനായ ഫറവോൻ ഇസ്രായേൽ ജനത്തെ മോചിപ്പിക്കുവാൻ തയ്യാറായില്ല. അവരോടു ക്രൂരമായി പെരുമാറി. അവർ ദൈവത്തോടു നിലവിളിച്ചു. ദൈവം വിളി കേട്ടു. അവരുടെ മോചനത്തിനായി മോശയെ നിയമിച്ചു. ദൈവം കല്പിച്ച പ്രകാരം മോശ ഫറവോന്റെ മുമ്പിൽ പ്രവർത്തിച്ചു.

അവസാനം മിസ്രയീമിൽ നിന്നും മോശയുടെ നേതൃത്വത്തിൽ ഇസ്രായേൽ ജനം കനാൻ ദേശത്തേക്ക് തിരിച്ചു. വഴിമദ്ധ്യേ അനേക പ്രയാസങ്ങൾ അവർക്കു നേരിടേണ്ടി വന്നു. ജനം ദൈവത്തിനു എതിരെ പിറുപിറുത്തു. എന്നാൽ മോശ ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ചു ദൈവത്തിനു എതിരേ പിറുപിറുത്ത ജനത്തിനുവേണ്ടി അപേക്ഷിച്ചു. ദൈവം അതു സ്വീകരിച്ചു. അവരെ അനുഗ്രഹിച്ചു. എന്നാൽ അതും നിരസിച്ച ജനത്തിനു തക്കതായ ശിക്ഷ ലഭിക്കുകയും ചെയ്തു. മോശ ദൈവത്തെ വിശ്വസിച്ചതുകൊണ്ടു മിസ്രയീമിൽ നിന്നുള്ള യാത്ര എളുപ്പമുള്ളതായിരുന്നില്ല. പ്രയാസങ്ങൾ ഓരോന്നായി അവരുടെ മുമ്പിൽ പൊങ്ങി വന്നു. എന്നാൽ ദൈവം മോശയുടെ കൂടെ ആയിരുന്നു. അതിനാൽ ഉണ്ടായ പ്രയാസങ്ങൾ മോശ മുഖാന്തിരം ദൈവം പരിഹരിച്ചുകൊടുത്തു. അതും പ്രവർത്തികളിലൂടെ മാത്രം. ചരിത്രത്തിലൂടെ നമ്മുടെ പൂർവ്വപിതാക്കൻമാരെ നോക്കിയാൽ പ്രവർത്തിയിലൂടെ അവർ ദൈവത്തെ അനുസരിച്ചു. ദൈവത്തിനു ഇഷ്ടപ്പെട്ടവരായി ചരിത്രത്തിലെ മഹാൻമാരായി മാറി (പുറപ്പാട് പുസ്തകം).

ദൈവപുത്രനായ യേശുവിലേക്ക് നമുക്കു കടക്കാം. യോസേഫും മറിയയും കൂടി വരും മുമ്പേ പരിശുദ്ധാത്മാവിനാൽ അവൾ ഗർഭിണിയായി (മത്തായി 1:18). യോസേഫ് സംശയത്തിൻെറ ഭാരങ്ങളാൽ ക്ലേശം അനുഭവിച്ചു. അവൻെറ സംശയങ്ങൾ മാററി കൊടുപ്പാൻ തക്കവണ്ണം ദൈവം അവനിൽ പ്രവർത്തിച്ചു (മത്താ. 1:20). മറിയ യേശുവിനെ പ്രസവിച്ചു. ഹെരോദാ രാജാവിനെ ഭയന്നു യോസേഫ് അമ്മയേയും ശിശുവിനെയും കൊണ്ടു മിസ്രയീമിലേക്കു പുറപ്പെട്ടു. യേശുവിനെ രക്ഷിക്കുവാൻ ദൈവം ഒരുക്കിയ പദ്ധതി (മത്തായി 2:15). അവനു വിശന്നു. (മത്താ. 4:2). നേരായ മാർഗ്ഗത്തിൽ ജീവിക്കാത്തവർ അവനേയും അവൻെറ ഉപദേശത്തെയും വെറുത്തു.

കാരണം അവനെ ഭയപ്പെട്ടു. എന്നാൽ സൻമനസ്സുള്ളവർ അവനെ ശ്രവിച്ചു അവനെ സ്നേഹിച്ചു, അനുസരിച്ചു, അവനിൽ നിന്നും അനുഗ്രഹങ്ങൾ നേടി.

യേശു ജീവിതത്തിൽ മരണത്തോളം പ്രവർത്തിച്ചു. ഒരിക്കലും അവൻ അലസനായിരുന്നില്ല. അവൻെറ പ്രവർത്തനങ്ങൾ പ്രാർത്ഥന, ഉപദേശം, പ്രസംഗം, അത്ഭുത പ്രവർത്തികൾ, പാപമോചനം എന്നീ പ്രധാന കാര്യങ്ങളിൽ ഒതുങ്ങിനിന്നു. അവസാനം അവൻ ലോകത്തിലേക്ക് വന്ന കാര്യം നിറവേററി. സകല മനുഷ്യരുടേയും പാപങ്ങളുടെ മോചനത്തിനായി ഗൊൽഗോഥാമലമുകളിൽ അവൻ യാഗമായി തീർന്നു. മരണത്തോടുകൂടി സാധാരണയായി എല്ലാ മനുഷ്യരുടേയും ഈ ലോകത്തിലെ പ്രവർത്തനങ്ങൾ അവസാനിക്കാറുണ്ട്. എന്നാൽ യേശുവിൻെറ പ്രവർത്തനം അവൻെറ പുനരുത്ഥാനത്തോടുകൂടി വീണ്ടും സജീവമായി. അവൻ ശിഷ്യൻമാർക്കും മററനേകർക്കും പ്രത്യക്ഷനായി. ദൈവരാജ്യത്തെപ്പററി അവരോടു സംസാരിച്ചു. താൻ മരണത്തിനുമുമ്പേ പറഞ്ഞതെല്ലാം സത്യമായിരുന്നുവെന്നു അവൻ തെളിയിച്ചു (മർക്കൊ. 16:9, 10). അവൻ സ്വർഗ്ഗാരോഹണം ചെയ്തതിനുശേഷം നിശ്ചലനായിരുന്നില്ല. വാഗ്ദാനം ചെയ്തിരുന്നപ്രകാരം പരിശുദ്ധാത്മാവിനെ അയച്ചു. ശിഷ്യൻമാരെ സുവിശേഷപ്രചരണത്തിനു ധൈര്യമുള്ളവരാക്കി (അപ്പൊ. പ്രവർത്തി 2:3, 4). ശൗൽ എന്ന പൌലോസ് ക്രിസ്ത്യാനികളെ പീഡിപ്പിച്ചു. അവൻ അവനെ മാനസാന്തരപ്പെടുത്തി. സുവിശേഷപ്രചരണത്തിനു കഴിവുററ ഒരു പാത്രമാക്കി മാററി (പ്രവൃത്തി 9:4, 5). ഇന്നും ക്രിസ്ത്യാനികളെ കാത്തു പരിപാലിച്ചു കൊണ്ടിരിക്കുന്നു. നാളെ ഈ ലോകത്തെ വിധിപ്പാൻ അവൻ വരും; വിധിക്കും. അവനു ഇഷ്ടപ്രകാരം ജീവിച്ചവരെ അവൻ സ്വർഗ്ഗത്തിലേക്കു അവനോടൊപ്പം വസിക്കേണ്ടതിനു എടുക്കും. മററുള്ളവരെ ശപിച്ചു നിത്യനരകാഗ്നിയിലേക്കു തള്ളും. അതിനുശേഷം അവൻ നിശ്ചലമായി

ഇരിക്കുമെന്നു കരുതുവാൻ വയ്യ, കാരണം അവൻ നല്ല പ്രവർത്തിയാകുന്നു. അവൻ ഇനിയും പ്രവർത്തിക്കും.

ആദിമ ക്രിസ്ത്യാനികളെ കുറിച്ചു ഇനി നമുക്കു ചിന്തിക്കാം. ക്രിസ്തുവിനെ പ്രവൃത്തികളിലൂടെ അനുഗമിക്കുന്നവനാണു ക്രിസ്ത്യാനി. ക്രിസ്തുവിൻെറ നാമം മാത്രം ഏററു പറയുന്നവർ ആരും ക്രിസ്ത്യാനികൾ ആവുകയില്ല. അവർ ക്രിസ്തുവിനെ അപമാനിക്കുന്നവരാണ്. മരിച്ചവരെപ്പോലും ഇത്തരക്കാർ വെറുതെ വിടുന്നില്ല. അവരുടെ മൃതശരീരത്തെ അവർ ഉപയോഗിച്ചിരുന്ന കസേരയിൽ ഇരുത്തി, പട്ടണപ്രദക്ഷിണം നടത്തി പണിത ശവക്കല്ലറയിലേക്കു കസേരയോടൊപ്പം തള്ളിവിടുന്നു. മററു ജനങ്ങളുടെ മുമ്പിൽ ആ വ്യക്തിക്കു മഹത്വം നേടി കൊടുക്കുവമൻ അവർ ശ്രമിക്കുന്നു. ഇവർ ക്രിസ്ത്യാനികളാണോ? ഇവരുടെ പ്രവൃത്തി ക്രിസ്തുവിനു യോജിച്ചതാണോ? ഇവർ ക്രിസ്തുവിനു പ്രാധാന്യം നൽകുന്നുവെങ്കിൽ ക്രിസ്തുവിനെ തങ്ങളിൽ വഹിച്ചുകൊണ്ടു ക്രിസ്തുവിൻെറ പ്രവൃത്തികൾ നടത്തുമായിരുന്നില്ലേ? തങ്ങൾ _കിസ്ത്യാനികളാണെന്നു മററുള്ളവരെ ധരിപ്പിക്കുവാൻ കുരിശുരൂപവും വെന്തിങ്ങയും കഴുത്തിൽ തൂക്കിയിട്ടു ക്രിസ്തുവിനെ പററിച്ചു നടക്കുമോ?

ക്രിസ്തുവിൻെറ ശിഷ്യന്മാരും ആദിമക്രിസ്ത്യാനികളും ക്രിസ്തുവിനു മഹിമ നൽകി. ക്രിസ്തുവിൻെറ ഉപദേശങ്ങൾ പ്രവൃത്തികളിലൂടെ കാണിച്ചു ക്രിസ്തുവിൻെറ സാക്ഷികളായി. ജീവിതം വരെ അവർ ക്രിസ്തുവിനുവേണ്ടി ഹോമിച്ചു. സ്തെഫാനോസ് ഇതിനു ഒരു ഉദാഹരണം മാത്രം. അവൻ ക്രിസ്തുവിനെ പ്രസംഗിച്ചു. അവൻെറ പ്രസംഗം കേട്ടവർ കോപാകുലരായി.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ഏഴ് സഭകൾക്കുള്ള ദൂത്

## എം. എസ്. ജോൺ. ഇരിട്ടി

### 7. ലവൊദിക്യ സഭ (വെളി. 3:14-22).

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ദൈവപരിജ്ഞാനത്താൽ പുതുക്കം വന്ന പുതിയ മനുഷ്യരെ ആണ് അവ ധരിപ്പിക്കുന്നത്. അതിന് പ്രത്യേക ജാതിയോ, മതമോ സുറിയാനിക്രിസ്ത്യാനി എന്നോ, പുതുക്രിസ്ത്യാനി എന്നോ, ഹൈന്ദവരെന്നോ ബർബ്ബരൻ, ശകൻ, ദാസൻ, സ്വതന്ത്രൻ എന്നോ ഒരു വ്യത്യാസവും കൂടാതെ എല്ലാവർക്കും നല്കപ്പെടുന്നു. ''മുമ്പിലത്തെ നടപ്പു സംബന്ധിച്ചു ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ചു നിങ്ങളുടെ ഉള്ളിലെ ആത്മാവു സംബന്ധമായി പുതുക്കം പ്രാപിച്ചു സത്യത്തിൻെറ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതു മനുഷ്യനെ ധരിച്ചവർക്കാണ് ഇതു അർഹമായിരിക്കുന്നത് (എഫെ. 4:22-24). യേശുക്രിസ്തുവിൻെറ പരിശുദ്ധമായ രക്തത്തിൽ അലക്കി വെളുപ്പിച്ചു വെടിപ്പാക്കിയ പുതുമനുഷ്യരാണ് അഥവാ രക്ഷിക്കപ്പെട്ടവരാണ് വെള്ളയുടുപ്പു ധരിച്ചവർ. അവർ ക്രിസ്തുവിനു മണവാട്ടികളാണ്. ''ദൈവം അവരെ ആനന്ദതൈലം കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു. അവരുടെ വസ്ത്രമെല്ലാം മൂറും ചന്ദനവും ലവംഗവും കൊണ്ടു സുഗന്ധമായിരിക്കുന്നു. ദന്തമന്ദിരങ്ങളിൽ നിന്നു കമ്പിനാദം അവരെ സന്തോഷിപ്പിക്കുന്നു. അവർ സ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ രാജകുമാരികൾ ആണ് (സങ്കീ. 45:7-9).'' അന്തഃപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു.

അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളത്. അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും (സങ്കീ. 45:13, 14). രക്ഷാവസ്ത്രധാരികളായ ദൈവജനം എത്രയോ മഹത്വപൂർണ്ണരാണ്.

അപ്പനിൽ നിന്നു ലഭിക്കേണ്ട ഓഹരിയും വാങ്ങി സ്വരൂപിച്ചു ദൂരദേശത്തേക്കുപോയി, അവിടെ ദുർന്നടപ്പുകാരുമായി കൂട്ടുകൂടി ദുർന്നടപ്പുകാരനായി ജീവിച്ചു തനിക്കുള്ളതെല്ലാം നാനാവിധമാക്കിക്കളഞ്ഞ ''മുടിയനായ പുത്രനെക്കുറിച്ചു ലൂക്കോസിന്റെ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്നു (ലൂക്കോ. 15:11-32). അവസാനം അവൻ ഒന്നിനും വകയില്ലാതെ ആരോരും സഹായത്തിനുമില്ലാതെ വിശപ്പുകൊണ്ടു പൊരിഞ്ഞു. അവൻ അങ്ങനെ നിരാശയുടെ അഗാധഗർത്തത്തിൽ നിപതിച്ചു. ''അപ്പോൾ അവനു സുബോധം വന്നിട്ട് അവൻ ചിന്തിച്ചു'' എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിക്കുന്നു. ഞാനോ വിശപ്പുകൊണ്ടു നശിച്ചുപോകുന്നു. ഞാൻ എഴുന്നേററ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട് അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിന്ന് ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ എന്നു പറയും ''ആ തീരുമാനത്തോടുകൂടി സ്വന്തം ഭവനത്തിലേക്ക് അപ്പന്റെ അടുക്കലേക്ക് പോയി. അപ്പൻ അവനെ ദർശിച്ച മാത്രയിൽ തന്നെ ദാസന്മാരോടു പറഞ്ഞു.'' വേഗം മേൽത്തരമായ അങ്കി കൊണ്ടുവന്ന് ഇവനെ ധരിപ്പിപ്പിൻ'.' മാനസാന്തരവും പാപമോചനവും പ്രാപിച്ച വിശുദ്ധരായവർക്കാണ് പിതാവ് മേൽത്തരമായ അങ്കി (**The Best Robe**) ധരിക്കപ്പെടുന്നത്. പുരോഹിതവർഗ്ഗത്തിൽപ്പെട്ടവരും സുവിശേഷകരും, പ്രീച്ചർമാരും ജനങ്ങളും എല്ലാവരും ഒരുപോലെ മേൽത്തരമായ അങ്കി അഥവാ കല്യാണവസ്ത്രം ധരിച്ചവരായി തീർന്നിട്ടില്ലായെങ്കിൽ സ്നേഹിതാ! നിങ്ങളെ എല്ലാവരേയും

കർത്താവ് നഗ്നരായി കാണുകയാണ്. അവരെ ന്യായ വിധി സമയത്ത് കൈയ്യും കാലും കെട്ടി ഇരുട്ടുള്ള സ്ഥല ത്തേക്ക് വലിച്ചെറിയപ്പെടും.

''നീ സമ്പന്നൻ ആകേണ്ടതിന്നു തീയിൽ ഊതിക്കഴിച്ച പൊന്നും നിൻെറ നഗ്നതയുടെ ലജ്ജ വെളിവാകാത്ത വണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പും നിനക്കു കാഴ്ച ലഭിക്കേണ്ടതിന്നു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെയ്ക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധി പറയുന്നു'' (വെളി. 3:18).

ലവൊദിക്യ സഭയുടെ നികൃഷ്ടാവസ്ഥയും വിശ്വാ സപാതകത്തിലൂടെ ആത്മികമായി ദരിദ്രാവസ്ഥയെ പ്രാപിച്ചിരിക്കുകയും ചെയ്തിരിക്കയാൽ; സഭ വീണ്ടും ആത്മികമായ സമ്പന്നതയിൽ എത്തിചേരുന്നതിന് കർത്താവ് അധികമായി ആഗ്രഹിക്കുന്നു. ലോകത്ത് എവിടേയും ഉള്ള എല്ലാവരേയും സ്ഥാനമാനങ്ങളോ വർഗ്ഗ ഭേദങ്ങളോ മതവ്യത്യാസമോ കൂടാതെ ആഗ്രഹിക്കുന്നു. യേശുക്രിസ്തുവുമായുള്ള പങ്കാളിത്വം നമുക്ക് പങ്കു വെ യ്ക്കണമെങ്കിൽ; ആത്മിയബന്ധം പുനഃസ്ഥാപിക്കണ മെങ്കിൽ അവയെ വില കൊടുത്തു വാങ്ങുവാൻ കർത്താവ് ബുദ്ധി ഉപദേശിക്കുന്നു. ഓരോരുത്തരുടേയും ആത്മിക സമ്പന്നതയ്ക്ക് ആവശ്യമായിരിക്കുന്ന കാര്യങ്ങാം ഒന്ന്- 'തീയിൽ ഊതിക്കഴിച്ച പൊന്ന്'' **(The gold tried in the fire)** രണ്ട്-''നഗ്നതയുടെ ലജ്ജ വെളിവാകാത വണ്ണം ധരിക്കേണ്ടതിന്നു വെള്ളയുടുപ്പ് **(The white raiment)** മൂന്ന്-കാഴ്ച ലഭിക്കേണ്ടതിനു കണ്ണിൽ എഴു തുവാൻ ലേപം **((The eyesalve)** ഇവ ഓരോന്നും കർത്താവിൻെറ പക്കൽ നിന്നു മാത്രമേ വില കൊടുത്താൽ ലഭിക്കുകയുള്ളു. ലോകത്തിൽ ആത്മിക തിമിരം ബാ ധിച്ച് ഉറങ്ങിയും മയങ്ങിയും, അറിഞ്ഞും അറിയാതെയും

കിടക്കുന്ന സമുദായങ്ങളായാലും സഭകളായാലും, വ്യക്തികളായാലും കർത്താവിൻെറ ബുദ്ധി ഉപദേശത്തെ അംഗീകരിക്കേണ്ടതാണ്.

"തീയിൽ ഊതിക്കഴിച്ച പൊന്ന്—വിശ്വാസത്തിൻെറ പരിശോധനയാണ്." അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിൻെറ പരിശോധന വിലയേറിയത് (1പത്രൊ. 1:7). ദൈവവചനത്തിലൂടെ നമ്മളിൽ സ്ഥിരീകരിക്കപ്പെടുന്ന ക്രിസ്തുവിലുള്ള വിശ്വാസം യാതൊരു സാഹചര്യങ്ങൾക്കും അടിമപ്പെട്ട് ഒട്ടും തന്നെ നശിച്ചുപോകാതെ ക്രിസ്തുവിൻെറ രണ്ടാമത്തെ വരവുവരെയും അഥവാ നമ്മുടെ മരണം വരെയും നിലനിൽക്കേണ്ടതാകുന്നു. മായം ചേരാത്ത പാലാകുന്ന ദൈവവചനത്താൽ നമ്മുടെ ക്രിസ്തുവിലുള്ള വിശ്വാസം അനുദിനം വളർന്നുവരികയും വേണം. യാക്കോബിൻെറ ലേഖനത്തിൽ പ്രബോധിപ്പിക്കുന്നു. "സഹോദരൻമാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിൻെറ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്ന് അറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ" (യാക്കോ. 1:3). പൊന്നും വെള്ളിയും നമ്മുടെ ഉപയോഗവസ്തുക്കളാണല്ലോ. അവയുടെ ഭംഗിയും ശോഭയും കൂടുതൽ ആകർഷണമായി തീരുന്നത് അവയുടെ മാററ് വർദ്ധിപ്പിക്കുമ്പോഴാണ്. അവയുടെ ഏററവും തികഞ്ഞ മാററ് വർദ്ധിപ്പിക്കുന്നതിന് അവയെ തീയിലാണ് ഇട്ടു ശുദ്ധീകരിക്കുന്നത്. പരീക്ഷണങ്ങളാകുന്ന തീയിലൂടെ നമ്മുടെ വിശ്വാസത്തെ പരിശോധിക്കുമെന്നർത്ഥം.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth. Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar. Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker: Joshua Gootam

All correspondence should be sent to The Voice of Truth Post Box 80, Kakinada-533001.
Sundays — 2.30 to 2 45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2 45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker: P. K. Varghese

All correspondence should be sent to Church of Christ Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker: Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P.K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To